പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നം. *488 23.03.2018 -ൽ മറുപടിക്ക്

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി സെന്ററുകളാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ.എം. സ്വരാജ്<br>ശ്രീ.സി.കെ. ഹരീന്ദ്രൻ<br>ശ്രീമതി. യു. പ്രതിഭ ഹരി | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) | |
| എ) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി സെന്ററുകൾ ആക്കി മാറ്റുന്നതിന്റെ ഭാഗമായി ഇവയുടെ നവീകരണത്തിനും ആധുനീകരണത്തിനുമായി നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | എ) | കേരളത്തിലെ എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കിമാറ്റുക എന്ന ലക്ഷ്യത്തോടുകൂടി 2012-13 സാമ്പത്തിക വർഷം മുതൽ നാഷണൽ എംപ്ലോയ് മെന്റ് സർവീസ് വകുപ്പ് മുഖേന സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന പദ്ധതിയാണ് എംപ്ലോയബിലിറ്റി സെന്റർ. ടി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്ത വിദ്യരും തൊഴിൽ രഹിതരുമായ ഉദ്യോഗാർത്ഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ്, എന്നിവ വിവിധ അസ്സെസ്സ്മെന്റ് ടൂൾസ് ഉപയോഗിച്ച് വിലയിരുത്തി, സോഫ്റ്റ് സ്കില്ലുകൾക്കും, ഇംഗ്ലീഷ് ഭാഷ പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേനയും, തൊഴിലധിഷ്ഠിത പരിശീലനം ആവശ്യമായവർക്ക അത്തരം പരിശീലനം നൽകുന്ന അംഗീകൃത പരിശീലനകേന്ദ്രങ്ങൾ മുഖേനയും പരിശീലനം നൽകുകയും ഇപ്രകാരം പരിശീലനം ലഭിക്കുന്ന |

| | | | |
|---|---|---|---|
| | | | ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യമേഖലയിലെ തൊഴിലവസരം ലഭ്യമാക്കുന്നതിനായി തൊഴിൽ ദാതാക്കളുമായി നേരിട്ട് ബന്ധപ്പെട്ടും ജോബ് ഫെയറുകൾ സംഘടിപ്പിച്ചും ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നേടിയെടുക്കുവാൻ എംപ്ലോയബിലിറ്റി സെന്ററുകൾ അവസരം ഉണ്ടാക്കി കൊടുക്കുന്നുണ്ട്.<br>സ്വന്തമായി കെട്ടിടമുള്ള ജില്ലാ എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളോടോപ്പമാണ് എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിക്കുന്നത്. ജില്ലാ എംപ്ലോയ് മെന്റ് എക്സ്ചേഞ്ചിലെ നിലവിലെ കെട്ടിടവും അടിസ്ഥാന സൗകര്യങ്ങളും, പരിശീലനങ്ങൾ, HRD പ്രവർത്തനങ്ങൾ എന്നിവ നിർവ്വഹിക്കത്തക്ക രീതിയിൽ പരിഷ്കരിക്കുകയും കൂടാതെ ടി സെന്ററുകൾ മുഖേന രജിസ്ട്രേഷൻ, പരിശീലനം, അസ്സെസ്സ്മെന്റ് തുടങ്ങിയ സേവനങ്ങൾ ലഭ്യമാക്കുന്നതിന് മികച്ച ശേഷിയോടുകൂടിയ ഹാർഡ് വെയറും ഇതിനുപുറമെ ഓൺലൈൻ രജിസ്ട്രേഷൻ, കമ്പ്യൂട്ടറൈസ്ഡ് ആപ്റ്റിട്യൂട് ടെസ്റ്റ് വിവിധ നൈപുണ്യ പരിശീലനങ്ങൾ തുടങ്ങിയവ ലഭ്യമാക്കുന്നതിന് സോഫ്റ്റ് വെയറും ആവശ്യമാണ്. എംപ്ലോയബിലിറ്റി സെന്ററുകളുടെ HRD പ്രവർത്തനങ്ങൾ കേരള സർക്കാർ സ്ഥാപനമായ KASE മുഖേന പൊതു സ്വകാര്യ പങ്കാളിത്തത്തോടെയാണ് നടത്തുന്നത്. |

| | | | |
|---|---|---|---|
| ബി) | തൊഴിലന്വേഷകർക്ക് സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ കരസ്ഥമാക്കുന്നതിലേക്കായി എന്തെങ്കിലും പദ്ധതിയുണ്ടോ; | ബി) | എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കപ്പെടുന്ന ഒഴിവുകളിലേക്ക് നിലവിലുള്ള നിയമങ്ങൾക്കും മാനദണ്ഡങ്ങൾക്കും വിധേയമായി സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ അനുയോജ്യരായ ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് നൽകി വരുന്നുണ്ട്. ഇതിനു പുറമെ നാഷണൽ എംപ്ലോയ് മെന്റ് സർവീസ് വകുപ്പ് സംഘടിപ്പിച്ചു വരുന്ന നിയുക്തി മെഗാ ജോബ് ഫെസ്റ്റ് മുഖേനയും എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേനയും മോഡൽ കരിയർ സെന്ററുകൾ മുഖേനയും സംഘടിപ്പിക്കുന്ന തൊഴിൽ മേളകൾ വഴിയും സ്വകാര്യ മേഖലയിൽ നിലവിലുള്ള തൊഴിലവസരങ്ങൾ തൊഴിലന്വേഷകരായ യുവജനങ്ങൾക്ക് ലഭ്യമാക്കി വരുന്നുണ്ട്. |
| സി) | രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതർക്ക് അസംഘടിത മേഖലകളിൽ സ്വയം തൊഴിൽ കണ്ടെത്താനായി ആവിഷ്കരിച്ചിട്ടുള്ള വിവിധോദ്ദേശ്യ തൊഴിൽ ക്ലബ്ബുകളുടെ പ്രവർത്തനം ഫലപ്രദമായി നടപ്പിലായിട്ടുണ്ടോ; വിശദാംശം നൽകാമോ; | സി) | ഉണ്ട്. കേരളത്തിലെ ഏതെങ്കിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതർക്ക് വേണ്ടി വകുപ്പ് നടത്തുന്ന വിവിധോദ്ദേശ്യ സേവന കേന്ദ്രങ്ങളും അവയുടെ കീഴിൽ പ്രവർത്തിക്കുന്ന തൊഴിൽ രഹിതർ നടത്തുന്ന ജോബ് ക്ലബ്ബുകളുമാണ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത് . എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിലും പ്രവർത്തി കാര്യക്ഷമതാ പരിശീലനം സിദ്ധിച്ചവർക്കും ഈ പദ്ധതിയുടെ ഗുണഭോക്താക്കളാകാവുന്നതാണ് . എന്നാൽ ആകെ ഗുണഭോക്താക്കളിൽ ഇത്തരക്കാർ 10 ശതമാനത്തിൽ കൂടാൻ പാടുള്ളതല്ല. വാർഷിക കുടുംബ വരുമാനം 1,00,000 രൂപയിൽ കവിയാൻ പാടില്ല. 21 നും 45 നും മദ്ധ്യേ പ്രായമുള്ളവരായിരിക്കണം അപേക്ഷകർ . മറ്റു പിന്നോക്ക ജാതിക്കാർക്ക് 3 വർഷവും പട്ടികജാതി |

| | | | |
|---|---|---|---|
| | | | പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 5 വർഷവും ഉയർന്ന പ്രായപരിധിയിൽ ഇളവ് ലഭിക്കും. ഹോംനേഴ്സ്, ഹോംമെയ്ഡ് എന്നീ ക്ലബുകൾക്ക് വനിതകൾക്ക് മാത്രമേ അപേക്ഷിക്കാൻ പാടുള്ളൂ. എല്ലാ പ്രവൃത്തിദിവസങ്ങളിലും പദ്ധതികളുടെ അപേക്ഷകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്ന് ലഭിക്കുന്നതാണ്. പൂരിപ്പിച്ച അപേക്ഷകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ പരിശോധനയ്ക്കു ശേഷം ജില്ലാ കമ്മിറ്റി പരിശോധിച്ച് അപേക്ഷകർ അനുയോജ്യരാണോ, പ്രൊജക്ട് നടപ്പിലാക്കാൻ കഴിയുന്നതാണോ എന്നീ കാര്യങ്ങൾ പരിശോധിച്ച് അംഗീകരിച്ച് അപേക്ഷകൾ ധനകാര്യ സ്ഥാപനങ്ങളിലേക്ക് ശിപാർശ ചെയ്യുന്നു. ഒരു ക്ലബ്ബിന് പരമാവധി 10 ലക്ഷം രൂപ വരെ വായ്പ ലഭിക്കുന്നു. ഓരോ ക്ലബ്ബിനും വായ്പാതുകയുടെ 25 % സബ്സിഡി (പരമാവധി 2 ലക്ഷം രൂപ ) നൽകുന്നു. പ്രൊജക്ട് നടത്തിപ്പിൽ ഗുണഭോക്താക്കളുടെ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനായി വായ്പത്തുകയുടെ 10% ഓരോ അംഗവും തങ്ങളുടെ വിഹിതമായി ആദ്യം തന്നെ നിക്ഷേപിക്കേണ്ടതാണ്. |
| ഡി) | വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകളുടെ പ്രവർത്തനം വിശദമാക്കാമോ; ഇവയെ ശാക്തീകരിക്കുന്നതിന് പദ്ധതിയുണ്ടോ എന്നറിയിക്കാമോ? | ഡി) | സ്റ്റേറ്റ് വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഉദ്യോഗാർത്ഥികൾക്ക് അവരുടെ അഭിരുചിക്കനുസൃതമായ തൊഴിൽ തെരെഞ്ഞെടുക്കുന്നതിനും തൊഴിൽ പരമായ പുരോഗതി കൈവരിക്കുന്നതിനും ആവശ്യമായ വിധത്തിൽ വിവിധ തൊഴിലവസരങ്ങളെക്കുറിച്ചും തൊഴിൽ നില, ഉപരിപഠനം, പരിശീലന |

| | | | |
|---|---|---|---|
| | | | സൗകര്യങ്ങൾ, സ്കോളർഷിപ് എന്നിവയെകുറിച്ച് ഉദ്യോഗാർത്ഥികൾ, വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, സാമൂഹ്യ സംഘടനാ പ്രവർത്തകർ എന്നിവർക്ക് ആവശ്യമായ വിവരങ്ങളും മാർഗനിർദേശങ്ങളും നൽകുന്നതിനായി സംസ്ഥാനത്തെ 14 ജില്ലാ എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളോടും അനുബന്ധിച്ചുള്ള വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകൾ, സർവകലാശാലകളോടനുബന്ധിച്ചുള്ള 7 യൂണിവേഴ്സിറ്റി എംപ്ലോയ് മെന്റ് ഇൻഫർമേഷൻ & ഗൈഡൻസ് ബ്യൂറോകൾ എന്നിവ മുഖേന വൊക്കേഷണൽ ഗൈഡൻസ് പ്രവർത്തനങ്ങൾ നടന്നു വരുന്നു. കരിയർ കോൺഫറൻസുകൾ, പ്രദർശനങ്ങൾ, വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും വേണ്ടിയുള്ള ഗൈഡൻസ് പരിപാടികൾ, കരിയർ എക്സിബിഷനുകൾ, കരിയർ സെമിനാറുകൾ, വിവിധ മത്സര പരീക്ഷകൾക്കുവേണ്ടിയുള്ള പരിശീലന പരിപാടികൾ, നൈപുണ്യ പരിശീലന പരിപാടികൾ എന്നിവയെല്ലാം വൊക്കേഷണൽ ഗൈഡൻസ് പ്രോഗ്രാമിന്റെ ഭാഗമായി വരുന്നു. കൂടാതെ സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാക്കുന്നതിന് നിയുക്തി എന്ന പേരിൽ മെഗാ ജോബ് ഫെയറുകൾ സംഘടിപ്പിച്ചു വരുന്നുണ്ട്. ഇവയെ ശാക്തീകരിക്കുന്നതിനു പദ്ധതിയുണ്ട്. 2017 -18 സാമ്പത്തിക വർഷം സ്റ്റേറ്റ് വൊക്കേഷണൽ ഗൈഡൻസ് ശാക്തീകരണം പദ്ധതിക്കായി 60 ലക്ഷം രൂപ ബജറ്റിൽ |

| | | |
|---|---|---|
| | | വകയിരുത്തുകയും പ്രസ്തുത തുക വിനിയോഗിച്ചു വിവിധ വൊക്കേഷണൽ ഗൈഡൻസ് യുണിറ്റുകൾ മുഖേന മേല്പറഞ്ഞ വൊക്കേഷണൽ ഗൈഡൻസ് പ്രവർത്തനങ്ങൾ നിർവഹിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ